**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1631** **16-10-2026-ൽ മറുപടിയ്ക്ക്**

**മോട്ടോർ വാഹനവകുപ്പിലെ ഇടനിലക്കാരുടെ പ്രവർത്തനം തടയാൻ നടപടി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. പി .എം. എ. സമീർ

ശ്രീ. കല്ലട്ര മാഹിൻ

ശ്രീ. എം. റഹ്മത്തുള്ള

ശ്രീ. ടി. പി. അഷ്‌റഫലി

**മറുപടി നൽകിയ മന്ത്രി**

ശ്രീ. സി. പി. ജോൺ

(ഗതാഗത വകുപ്പ് മന്ത്രി)

**(എ)** മോട്ടോർ വാഹനവകുപ്പിൽ ഇടനിലക്കാരുടെ പ്രവർത്തനം വ്യാപകമാണെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;

**മറുപടി:** ഉണ്ട്.

**(ബി)** ഇടനിലക്കാരുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിനും ഉദ്യോഗസ്ഥരുടെ പീഡനവും അഴിമതിയും ഇല്ലാതാക്കാനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

**മറുപടി:** മോട്ടോർ വാഹനവകുപ്പിലെ ഓഫീസുകളിൽ പൊതുജനങ്ങളുടെ അപേക്ഷകൾ ഇടനിലക്കാർ മുഖേന സമർപ്പിക്കുന്ന പ്രവണത നിലനിന്നിരുന്നു. ഇടനിലക്കാരുടെ നിരന്തരമായ ഓഫീസ് സന്ദർശനം, അവരുടെ മധ്യസ്ഥതയില്ലാതെ വകുപ്പിൽനിന്ന് സേവനങ്ങൾ ലഭ്യമാകില്ലെന്ന തെറ്റായ ധാരണ പൊതുജനങ്ങളിൽ രൂപപ്പെടുന്നതിന് ഇടയാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

മോട്ടോർ വാഹന വകുപ്പ് നൽകി വരുന്ന ഏതാനും സേവനങ്ങൾ ഓൺലൈൻ മുഖാന്തിരമാക്കിയിട്ടുള്ളതിനാൽ അപേക്ഷകർക്ക് ഓഫീസിൽ നേരിട്ട് ഹാജരാകാതെ തന്നെ അത്തരം സേവനം ലഭ്യമാകുന്ന സാഹചര്യം ഉണ്ടായിട്ടുണ്ട്. കൂടുതൽ സേവനങ്ങൾ ഓൺലൈൻ മുഖാന്തിരമാക്കുന്നതിലൂടെ ഇടനിലക്കാരുടെ പ്രാധാന്യം മോട്ടോർ വാഹന വകുപ്പിൽ കുറഞ്ഞു വരികയും പൊതുജനങ്ങൾക്ക് ഓഫീസുകളിൽ കയറിയിറങ്ങുന്ന സാഹചര്യം ഒഴിവാക്കപ്പെടുകയും ചെയ്യുന്നതാണ്.

അപേക്ഷകന് ഓഫീസിൽ നേരിട്ട് ഹാജരായി അപേക്ഷ സമർപ്പിക്കുന്നതിന് കഴിയാത്ത പക്ഷം മറ്റൊരാൾ മുഖാന്തിരം അപേക്ഷ നൽകുന്നതിന് കൃത്യമായ ഓതറൈസേഷൻ കത്ത് അപേക്ഷയോടൊപ്പം ഉണ്ടായാൽ മാത്രമേ അത്തരം അപേക്ഷകൾ ഓഫീസിൽ സ്വീകരിക്കുന്നുള്ളൂ.

ഓഫീസുകളിലെ പൊതുജന സന്ദർശന സമയം ഉച്ചവരെ മാത്രമായി നിജപ്പെടുത്തിയിരുന്നു. തുടർന്ന്, പ്രസ്തുത സർക്കുലറിൽ ഭേദഗതി വരുത്തി ഉച്ചയ്ക്കുശേഷം 4 മണി മുതൽ 5 മണി വരെക്കൂടി പൊതുജന സന്ദർശനത്തിന് അനുമതി നൽകിയിട്ടുണ്ട്. എന്നാൽ അത്യാവശ്യ സാഹചര്യങ്ങളിൽ പൊതുജനങ്ങൾക്ക് ഉച്ചയ്ക്ക് ശേഷവും ഓഫീസ് മേധാവിയെ സമീപിക്കുന്നതിനോ ആവശ്യങ്ങൾ

ഓഫീസ് മേധാവിയുടെ ശ്രദ്ധയിൽക്കൊണ്ടു വരുന്നതിനോ യാതൊരു വിലക്കും നിലവിൽ ഇല്ലാത്തതാണ്. അപേക്ഷകൾ ഏത് സമയവും ഓൺലൈൻ ആയി സമർപ്പിക്കാവുന്നതും , ഓഫീസ് ലാൻഡ് ഫോണുകൾ ഓഫീസ് സമയങ്ങളിലുടനീളം പ്രവർത്തനക്ഷമമായിരിക്കുന്നതുമാണ്.

സർക്കാർ നടപ്പിലാക്കിവരുന്ന Ease of Doing Business നയം കാര്യക്ഷമമായി പ്രാവർത്തികമാക്കുക, Paperless Office സംവിധാനം നടപ്പിലാക്കുക, ഓഫീസുകളിൽ ലഭിക്കുന്ന അപേക്ഷകളിൽ സമയബന്ധിതമായി തുടർനടപടികൾ സ്വീകരിച്ച് സേവനവിതരണം മെച്ചപ്പെടുത്തുക എന്നിവയും പ്രസ്തുത ക്രമീകരണത്തിന്റെ ലക്ഷ്യങ്ങളാണ്.

**(സി)** മലപ്പുറം കിഴിശ്ശേരിയിൽ കൊണ്ടോട്ടി സബ് ആർ.ടി. ഓഫീസിലെ ഉദ്യോഗസ്ഥരുടെ പീഡനത്തിൽ മനം നൊന്ത് ഷൗക്കത്തലി എന്ന ഓട്ടോ ഡ്രൈവർ ആത്മഹത്യ ചെയ്ത സംഭവത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**മറുപടി:** മലപ്പുറം, കിഴിശ്ശേരി, മുണ്ടംപറമ്പ്, കൊറ്റംപറമ്പിൽ വീട്ടിൽ ശ്രീ. ഷൗക്കത്തലിയുടെ ആത്മഹത്യാക്കുറിപ്പിൽ മോട്ടോർ വാഹന വകുപ്പിനെതിരെ ഉന്നയിച്ചിട്ടുള്ള ആരോപണങ്ങൾ സംബന്ധിച്ച് ഗതാഗത വകുപ്പ് സെക്രട്ടറി നടത്തിയ പ്രാഥമിക അന്വേഷണത്തിൽ, CFRR നൽകുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥനിൽ നിന്ന് വിശദീകരണം തേടുന്നതിനും വാഹന ഫിറ്റ്നസ് പരിശോധനാ നടപടിക്രമങ്ങൾ കൂടുതൽ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനുമുള്ള ശിപാർശകൾ സമർപ്പിച്ചിരുന്നു. അപ്രകാരം ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും വിശദീകരണം ലഭ്യമാക്കുവാൻ ഗതാഗത കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മറ്റ് ശിപാർശകളിന്മേലും ഗതാഗത കമ്മീഷണറുടെ അഭിപ്രായം കൂടി ലഭ്യമാക്കേണ്ടതുണ്ട്.

**സെക്ഷൻ ഓഫീസർ**